**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3158** **26-06-2024 - ൽ മറുപടിയ്ക്ക്**

**കുളങ്ങരത്ത്–നമ്പ്യാത്താൻ കുണ്ട് റോഡിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖേനെയുള്ള കുളങ്ങരത്ത്–നമ്പ്യാത്താൻ കുണ്ട് റോഡ് നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്താമോ; | (എ) | കോഴിക്കോട് ജില്ലയിലെ കുളങ്ങരത്ത് നമ്പ്യത്താൻകുണ്ട് വാളൂക്ക് വിലങ്ങാട് റോഡ് നവീകരണ പ്രവൃത്തിക്ക് (Ch 0/000 മുതൽ 21/000 വരെ) 01/11/2016 -ൽ GO(Rt)No 1502/2016/PWD പ്രകാരം 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 12.11.2018 -ൽ 41.31 കോടി രൂപയുടെ സാമ്പത്തികാനുമതിയും, 24.04.2023 -ൽ 48.41 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. 06.01.2022 -ൽ 37.62 കോടി രൂപയ്ക്ക് M/s. K.K Builders എന്ന കമ്പനിയുമായി കരാറിൽ ഏർപ്പെട്ടുകയും പ്രവൃത്തി പുരോഗമിക്കുകയുമാണ്. കിഫ്ബിയുടെ 04/09/2023 തീയതിയിലെ യോഗതീരുമാന പ്രകാരം Ch 18/160 മുതൽ 21/000 വരെയുള്ള സ്ഥലത്ത് രണ്ട് പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള FRL സംബന്ധിച്ച അന്തിമ തീരുമാനം ലഭ്യമല്ലാത്തതിനാൽ Ch 18/160 മുതൽ 21/00 വരെയുള്ള ഭാഗം പ്രസ്തുത പദ്ധതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. നിലവിൽ ഡ്രെയിൻ, കൾവർട്ട്, സബ് ഗ്രേഡ്, GSB, WMM, DBM പ്രവൃത്തികൾ പുരോഗമിക്കുന്നു. 45% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തി വൈകുന്നതിനാൽ ജനങ്ങൾ നേരിടുന്ന പ്രയാസം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | പ്രസ്തുത പ്രവൃത്തിയുടെ കി.മീ 0/000 മുതൽ കി.മീ 5/000 വരെയുള്ള ഭാഗങ്ങളിലും ഇടവിട്ടുള്ള മറ്റ് സ്ഥലങ്ങളിലും പൊതുജനങ്ങളിൽ നിന്ന് സൗജന്യമായി ഭൂമി വിട്ടു കിട്ടുന്നതിന് തടസ്സം നേരിട്ടിരുന്നു. കൂടാതെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, റോഡ് പ്രവൃത്തികൾക്ക് തടസ്സമായി നിന്നിരുന്ന മരങ്ങൾ മുറിച്ചു കിട്ടുന്നതിനുണ്ടായ കാലതാമസം എന്നിവയും പ്രസ്തുത പ്രവൃത്തിക്ക് കാലതാമസം നേരിടുവാനുണ്ടായ കാരണങ്ങളാണ്. |

| | | | |
|---|---|---|---|
| | | | നിലവിൽ സ്ഥലലഭ്യത ഉറപ്പാക്കിയ സ്ഥലങ്ങളിൾ DBM വരെ പൂർത്തീകരിച്ചിട്ടുണ്ട്. തടസ്സങ്ങൾ നീക്കി ബാക്കി പ്രവൃത്തികൾ കൂടി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ